3. കേരള സ്റ്റേറ്റ് ഡയറി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഡയറി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എന്ന ധനകാര്യ സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഹേലി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന കന്നുകുട്ടി പരിപാലന പദ്ധതി വ്യാപിപ്പിക്കുന്നതിനും, ഹൈടെക് ഫാമുകൾ സ്ഥാപിക്കുന്നതിനും, ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പല പദ്ധതികളും ആവിഷ്ക്കരിച്ചു വരുന്നു.

കേരളോത്സവം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

21 (*21) ശ്രീ. എം. എം. മോനായി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കേരളോത്സവം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) എല്ലാ പഞ്ചായത്തുകളിലും കേരളോത്സവുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ വർഷം പുതുതായി ഏതെല്ലാം ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കേരളോത്സവത്തിൽ ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) മത്സരവിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള) :

(എ) 2010-ലെ കേരളോത്സവം മികവുറ്റ രീതിയിൽ സംഘടിപ്പിക്കുന്നതിനായി 2010 നവംബർ 15-ന് ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട് വച്ച് എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും മുനിസിപ്പാലിറ്റി ചെയർമാൻമാരുടെയും കോർപ്പറേഷൻ മേയർമാരുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും ഒരു യോഗം വിളിച്ചുചേർത്തിരുന്നു. കൂടാതെ ഈ വർഷം മുതൽ കേരളോത്സവം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് തലം മുതൽ നൽകുന്ന ധനസഹായം ബോർഡ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് 10,000 രൂപയും ബ്ലോക്ക് പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റിക്ക് 20,000 രൂപയും ജില്ലാ പഞ്ചായത്തിന് 85,000 രൂപയും സംസ്ഥാനതല കേരളോത്സവം നടക്കുന്ന ജില്ലാ പഞ്ചായത്തിന് 7 ലക്ഷം രൂപയുമായി ധനസഹായം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിനായി യൂത്ത് കോ-ഓർഡിനേറ്റർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളോത്സവവുമായി ബന്ധപ്പെട്ട മത്സരങ്ങൾ സുഗമമായി നടത്തുവാനായി യുവജനക്ഷേമ ബോർഡിൽ നിന്നും അനുവദിക്കുന്ന 10,000 രൂപ ധനസഹായം ജില്ലാ യുവജനകേന്ദ്രം മുഖേന എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ഇതിനായി പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രാഥമികതലം മുതൽ വഞ്ചിപ്പാട്ട് മത്സരവും സംസ്ഥാന ജില്ലാ തലത്തിൽ പഞ്ചഗുസ്തി, ഹാൻഡ് ബാൾ, സോഫ്റ്റ് ബാൾ എന്നീ ഇനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇതിന്റെ ഭാഗമായി എല്ലാ തലങ്ങളിലും വിപുലമായ സംഘാടക സമിതികൾ രൂപീകരിച്ച് യൂത്ത് കോ-ഓഡിനേറ്റർമാർ മുഖേനയും ജില്ലാ യുവജനകേന്ദ്രം മുഖേനയും പ്രവർത്തനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) കേരളോത്സവ മത്സര വിജയികൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും താഴെപ്പറയും വിധം പ്രൈസ് മണി നൽകിവരുന്നു.

	ജില്ലാതലം	സംസ്ഥാനതലം
വ്യക്തിഗതം I	200	1000
വ്യക്തിഗതം II	150	750
ഗ്രൂപ്പിനം I	150	400
ഗ്രൂപ്പിനം II	100	300

ഇതുകൂടാതെ, കലാകായിക വിഭാഗങ്ങളിൽ വ്യക്തിഗത ചാമ്പ്യൻമാരാകുന്നവർക്ക് രാജീവ്ഗാന്ധി സ്മാരക ട്രോഫിയും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് എവർറോളിംഗ് ട്രോഫിയും സംസ്ഥാനതല കലാ-കായിക മത്സരങ്ങളിൽ പുരുഷ-വനിതാ ചാമ്പ്യൻമാർക്ക് പ്രത്യേകം ട്രോഫികളും ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, കബഡി, വടംവലി എന്നീ ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് സംസ്ഥാനതലത്തിൽ ട്രോഫിയും നൽകി വരുന്നു.

യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

22 (*22) ശ്രീ. എ. എം. യൂസഫ് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) യൂത്ത് സെന്ററുകളുടെ ചുമതലകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly